Draft #37 of File 22249/AD A1/2/2022 (Part 1) Approved by ASSISTANT REGISTRAR I (ADMIN) on 13-Feb-2023 03:03 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം:- കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് സെക്ഷൻ മാറ്റി സ്ഥാപിക്കൽ/തുടർ ക്രമീകരണങ്ങൾ - സെക്ഷൻ വിഭജനം/രൂപീകരണം - അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ/ അസിസ്റ്റന്റുമാർ - സ്ഥലം മാറ്റം, നിയമനം - അനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 1714/AD A1/2023/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 13.02.2023

---

*പരാമർശം:*-1. രജിസ്ട്രാറുടെ 01.02.2023 തീയതിയിലെ നമ്പർ :രജി/ 2//15/2023 പ്രകാരമുള്ള കുറിപ്പ്.

2. ബഹു.വൈസ് ചാൻസലറുടെ 07.02.2023 തീയതിയിലെ നമ്പർ: വി.സി.702/2/019/2023 പ്രകാരമുള്ള കുറിപ്പ്.

3.സർവ്വകലാശാലാ ഉത്തരവ് നമ്പർ :10176/AD A1/2022/എം.ജി.യു., തീയതി: 01.10.2022.

**ഉത്തരവ്**

കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് ഗ്രൗണ്ട് ഫ്ളോറിൽ സ്ഥിതിചെയ്യുന്ന സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, IIUCNN-ൽ ലേസർ ലാബ്, XRD മെഷീൻ, കമ്പ്യൂട്ടേഷണൽ നാനോ സയൻസ് വർക്ക് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് സെക്ഷൻ, ഗ്രൗണ്ട് ഫ്ളോറിൽ നിന്നും മാറ്റി പ്രവർത്തിപ്പിക്കേണ്ടിയിരിക്കുന്നുവെന്നും, കൂടാതെ സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും അദ്ധ്യാപകരുടെ പ്രമോഷൻ സംബന്ധിച്ച ജോലികൾ നിർവ്വഹിക്കുന്ന Ac B5 സെക്ഷനിലെ വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്ത് ടി സെക്ഷൻ വിഭജിച്ച് Ac B4 എന്ന ഒരു പുതിയ സെക്ഷൻ രൂപീകരിക്കുന്നത് സംബന്ധിച്ചും പരാമർശം (1) പ്രകാരം ശുപാർശ നൽകുകയുണ്ടായി.

മേൽ ശുപാർശ പരിഗണിച്ച് താഴെപ്പറയുംപ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ട് വൈസ് ചാൻസലർ പരാമർശം (2) പ്രകാരം ഉത്തരവായിരിക്കുന്നു.

1. സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സും, സ്കൂൾ ഓഫ് ഡാറ്റാ അനലിറ്റിക്സും ഒരു ഡയറക്ടറുടെ കീഴിൽ ആയതിനാൽ രണ്ട് സ്കൂളുകൾക്കുമായി ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നിലനിർത്തി സ്കൂൾ ഓഫ് ഡേറ്റാ അനലിറ്റിക്സിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ തസ്തിക നിർത്തലാക്കുന്നു. ടി തസ്തിക ഭരണവിഭാഗത്തിലേക്ക് മാറ്റുന്നു.
2. കൺവർജൻസ് അക്കാദമിയ കോംപ്ലക്സിൽ ഗ്രൗണ്ട് ഫ്ളോറിൽ പ്രവർത്തിക്കുന്ന കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് സെക്ഷൻ സ്കൂൾ ഓഫ് ഡാറ്റാ അനലിറ്റിക്സ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നു.
3. കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് ഓഫീസ് സ്ഥലം സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, IIUCNN എന്നിവയുടെ മേൽ പ്രസ്താവിച്ച പ്രവർത്തനങ്ങൾക്കായി വിട്ടുനൽകുന്നു.
4. സ്കൂൾ ഓഫ് മത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, സ്കൂൾ ഓഫ് ഡേറ്റ അനലിറ്റിക്സ് എന്നീ സ്കൂളുകളുടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി സ്കൂൾ ഓഫ് ഡേറ്റ അനലിറ്റിക്സ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായ ശ്രീ. രാജേഷ് ടി.എസ്.(PEN-2507)-നെ നിയമിക്കുന്നു. ടി സ്കൂളിലെ അസിസ്റ്റന്റായ ശ്രീമതി അമ്മു രാജു (PEN-3299)-വിനെ മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ ചുമതലയുള്ള അസിസ്റ്റന്റായും, സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിലെ അസിസ്റ്റന്റായ ശ്രീ. നിർമ്മൽ ജോർജ് (PEN-3089)-നെ ഡാറ്റാ അനലിറ്റിക്സിന്റെ ചുമതല നൽകി സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ്, സ്കൂൾ ഓഫ് ഡാറ്റാ അനലറ്റിക്സ് എന്നി സ്കൂളുകളുടെ അസിസ്റ്റന്റായും മാറ്റി നിയമിക്കുന്നു.

5. സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി വിഭാറാണി ബി.(PEN-1814)-യെ കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് സെക്ഷൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി സ്ഥലം മാറ്റി നിയമിക്കുന്നു. ശ്രീമതി വീണ കെ.എം.(PEN-3873)-നെ കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് സെക്ഷനിലെ അസിസ്റ്റന്റായി നിലനിർത്തുന്നു.

6. Ac B5 സെക്ഷൻ വിഭജിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്ക്)-ന്റെ കീഴിലായി Ac B4 എന്ന പുതിയ പേരിൽ സെക്ഷൻ രൂപീകരിക്കുന്നു.

7. കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് സെക്ഷൻ ഓഫീസർ ശ്രീ. ജോർജ് തോമസ് കളരിക്കൽ(PEN-2117)-നെ സ്കൂൾ ഓഫ് ഡാറ്റാ അനലറ്റിക്സ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ തസ്തികയിൽ ഉൾക്കൊള്ളിച്ച് Ac B4 സെക്ഷൻ ഓഫീസറായി നിയമിക്കുന്നു.

8. Ac D സെക്ഷനിലെ അസിസ്റ്റന്റ് ശ്രീ. റോബിൻ എബ്രഹാം(PEN-3922)-നെ Ac A8 സെക്ഷനിലേക്കും Ac A8 സെക്ഷനിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ശ്രീമതി ശ്രീജ എസ്.ബി.(PEN-3009)യെ Ac B4 സെക്ഷനിലേക്കും Ac B5 സെക്ഷനിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ശ്രീ. അൽ റിജുൻ വെല്ലിശ്ശേരി(PEN-3321)-യെ Ac B4 സെക്ഷനിലേക്കും സ്ഥലംമാറ്റി നിയമിക്കുന്നു.

9. Ac B1 സെക്ഷനിൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകളുടെ അദ്ധ്യാപകരുടെ പ്രമോഷനുമായി ബന്ധപ്പെട്ട ജോലികൾ Ac B5 സെക്ഷനും Ac B2 സെക്ഷനിൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകളുടെ അദ്ധ്യാപകരുടെ പ്രമോഷനുമായി ബന്ധപ്പെട്ട ജോലികൾ Ac B4 സെക്ഷനും നിർവഹിക്കേണ്ടതാണ്.

10. Ac B7 സെക്ഷനെ നിലവിൽ പ്രവർത്തിക്കുന്ന സ്ഥലത്ത് തുടരുന്നതിനും, പുതുതായി രൂപീകരിക്കുന്ന Ac B4 സെക്ഷനെ Ac A6 സെക്ഷൻ പ്രവർത്തിച്ചിരുന്ന സ്ഥലത്തേക്ക് മാറ്റുന്നതിനും തീരുമാനിച്ചിരിക്കുന്നു. ഇപ്രകാരം പരാമർശം (3) ഉത്തരവ് ഭേദഗതി ചെയ്യുന്നു.

11. Ac A4 സെക്ഷൻ അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്ക്)-ന്റെ കീഴിലേക്ക് മാറ്റുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.സെക്ഷനുകൾ/ സെന്ററുകൾ/പഠന വകുപ്പുകൾ
2. വൈസ് ചാൻസലർ / പ്രൊ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ ധനകാര്യം/പരീക്ഷാ/അക്കാദമികം )
5. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം.ജി.സർവ്വകലാശാല
6. എസ്റ്റേറ്റ് ഓഫീസർ / പി. ആർ. ഒ./ഐ.ടി.സെൽ1/ 2 /യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7.റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #37 of File 22249/AD A1/2/2022 (Part 1) Approved by ASSISTANT REGISTRAR I (ADMIN) on 13-Feb-2023 03:03 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം